(ഡി) ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കേരളത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യം പ്രാപ്തമാക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും ഡിസ്പെൻസറികൾ ആരംഭിക്കേണ്ടതുണ്ടെങ്കിലും അടിയന്തരമായി അവ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സ്റ്റാഫ് നഴ്സിന്റെ മരണം

178 (189) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യത്തിനുകീഴിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്തിരുന്ന രമ്യ ജോലിക്കിടെ കോവിഡ് പോസിറ്റീവായി കഴഞ്ഞുവീണ മരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഡ്യൂട്ടിക്കിടയിൽ മരണപ്പെട്ട നഴ്സ് രമ്യയുടെ ആശ്രിതർക്ക് ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നും സഹായം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പരേതയുടെ ആശ്രിതർക്ക് പ്രധാൻ മന്ത്രി ഗരിബ് കല്യാൺ പാക്കേജിന്റെ കീഴിൽ അർഹതപ്പെട്ട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനുള്ള എല്ലാ നടപടികളും ത്വരിതഗതിയിൽ ദേശീയ ആരോഗ്യ ദൗത്യം (NHM) സ്വീകരിക്കുന്നതാണ്.

പട്ടാമ്പി താലൂക്ക് ആശുപത്രി വികസനം

179 (190) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി 2020-21 ബഡ്ജറ്റിൽ സിവിൽ വർക്ക്സ് ഇനത്തിൽ പൊതുമരാമത്ത് വകുപ്പിന് അടങ്കൽ തുകയായി 900 ലക്ഷം രൂപയും ടോക്കൺ പ്രൊവിഷനായി 100 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കാനുണ്ട്. ആയത് ലഭ്യമായതിനുശേഷം മാത്രമേ പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

ആരോഗ്യകേന്ദ്രങ്ങളിലെ അംഗീകൃത സ്റ്റാഫ് പാറ്റേൺ

180 (191) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ പി.എച്ച്.സി./സി.എച്ച്.സി./ എഫ്.എച്ച്.സി.-കളിൽ നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ, ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കുമോ?

പിറവം നിയോജകമണ്ഡലത്തിലെ പി.എച്ച്സി./സി.എച്ച്.സി./ എഫ്.എച്ച്.സി.-കളിൽ നിലവിലുള്ള സ്റ്റാഫ് സ്ട്രെംഗ്ത് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) അനുവദനീയ അംഗബലത്തിനും താഴെ മെഡിക്കൽ ഓഫീസർമാരുള്ള ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

പിറവം നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി പ്രവർത്തിച്ചുവരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ അരക്കുന്നം, തിരുമാറാടി എന്നീ സ്ഥാപനങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ രണ്ട് വീതം തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ മാനദണ്ഡത്തിൽ മെഡിക്കൽ ഓഫീസർമാരുടെ മൂന്ന് തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. സാമൂഹികാരോഗ്യ കേന്ദ്രത്തിലും മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 1961-ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള മെഡിക്കൽ ഓഫീസർമാരുടെ തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly